**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 108** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പാഠ്യ പദ്ധതികളിലെ മൂല്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ടി. എം. ശശി

ശ്രീ. വി. കെ. സനോജ്

പ്രൊഫ. സി. രവീന്ദ്രനാഥ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പാഠപുസ്തകങ്ങളിൽ ഭരണഘടനാ മൂല്യങ്ങൾ, ലിംഗനീതി, ശാസ്ത്രബോധം തുടങ്ങിയ വിഷയങ്ങൾക്ക് മുൻ സർക്കാർ നൽകിവന്നിരുന്ന പ്രാധാന്യം നിലനിർത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പാഠപുസ്തകങ്ങളിൽ ഭരണഘടനാ ലക്ഷ്യങ്ങളും അവയ്ക്ക് സമകാലീന ഇന്ത്യയിലുള്ള വലിയ പ്രാധാന്യവും കുട്ടികളെ പഠിപ്പിക്കുന്നതിനായി സ്കൂളുകളിൽ പ്രത്യേക പദ്ധതികൾ പാഠപുസ്തകങ്ങളിൽ ഉൾച്ചേർത്ത് ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ലിംഗനീതി ഉറപ്പു വരുത്തുന്നതിലേക്കായി പാഠപുസ്തകങ്ങളിൽ ജന്റർ ഓഡിറ്റിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ശാസ്ത്രബോധം വളർത്താൻ നിലവിൽ മതിയായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം വിദ്യാർത്ഥികളിൽ ശാസ്ത്ര ടെംപർ വളർത്തുന്നതിനായി പുതിയ ബഡ്ജറ്റിൽ ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെമ്പർ എന്ന സ്ഥാപനം ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ബി)** അറിവ് പകർന്ന് നൽകുന്നതിനോടൊപ്പം കുട്ടികളിൽ വിമർശനാത്മക ചിന്താശേഷി വളർത്തുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ വിമർശനാത്മക ബോധനശാസ്ത്രം അടിസ്ഥാനമാക്കിയുള്ള പഠന രീതികൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

**<u>മറുപടി:</u>** ഓരോ കുട്ടിയും അവർ ഓരോ ക്ലാസിലും നേടേണ്ട അടിസ്ഥാനശേഷികൾ നേടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനോടൊപ്പം അറിവ് നിർമ്മാണപ്രക്രിയയുടെ രീതിശാസ്ത്രം കൂടി തിരിച്ചറിയുന്നതിന് ഊന്നൽ കൊടുക്കുന്ന പഠനരീതി ആവിഷ്കരിക്കും. ഇതിനായി സംഘപഠനം, പ്രൊജക്ടുകൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവയും ക്ലാസ് മുറിക്കുള്ളിലും പുറത്തും സംഘടിപ്പിക്കും. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കി അവരുടെ ഹോളിസ്റ്റിക് വികാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പഠന പ്രവർത്തനങ്ങളാകും ആസൂത്രണം ചെയ്യുക.

**(സി)** പരീക്ഷാ സംവിധാനത്തിൽ കേവലം ഓർമ്മ ശക്തിക്ക് പകരം ചിന്താശേഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് മുൻ സർക്കാർ നടപ്പാക്കിയ ചോദ്യപേപ്പർ ഘടനയിലെ മാറ്റങ്ങളും നിബന്ധനകളും നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കുട്ടികളുടെ സമഗ്രമായ വികാസം രേഖപ്പെടുത്തുന്നതിന് സമഗ്രപുരോഗതിരേഖ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പരീക്ഷാരീതിയിൽ നിരന്തര മൂല്യനിർണ്ണയപ്രക്രിയ കൂടുതൽ സുതാര്യവും സമഗ്രവുമാക്കുന്നതിനായി പരിഷ്കരിക്കും. എഴുത്തു പരീക്ഷയുടെ ചോദ്യപേപ്പറുകളിലും ഉയർന്ന ചിന്താശേഷി (Higher order thinking skills) അളക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തും. കൂടാതെ ഓപ്പൺ ബുക്ക് പരീക്ഷയും (Open book examination) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**